## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2184 16.08.2017 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സൗരോർജ്ജ പദ്ധതിക്ക് പരസ്യങ്ങൾ നൽകുവാനും പദ്ധതി വ്യാപിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | അക്ഷയ ഊർജ്ജ പദ്ധതികൾക്ക് (സൗരോർജ്ജ പദ്ധതി, ജൈവോർജ്ജ പദ്ധതി, പവനോർജ്ജ പദ്ധതി) എല്ലാം തന്നെ ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിൽ കൂടി പരസ്യങ്ങൾ നൽകി പദ്ധതി വ്യാപകമാക്കുന്നതിന് അനെർട്ട് നടപടി സ്വീകരിച്ചുവരുന്നു. ഐ&പി.ആർ വകുപ്പ് മുഖേനയും പരസ്യ ഏജൻസികളെ എംപാനൽ ചെയ്തും പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | കെട്ടിടനിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുമ്പോൾ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രസ്തുത ചട്ടങ്ങളിൽ പ്രത്യേക വകുപ്പ് ഉൾപ്പെടുത്തുമോ; | (ബി) | സോളാർ വൈദ്യുത ഉല്പാദന ഉപകരണങ്ങൾ നിർബന്ധമാക്കി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയം ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 109 C-യിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 103-ലും Solar Assisted Water Heating/Lighting System സംബന്ധിച്ച വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. |

<table>
<tr><td>(സി)</td><td>2016-17 വർഷത്തിൽ സൗരോർജ്ജ സബ്സിഡി നൽകുവാൻ കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചു; എത്ര തുക വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;</td><td>(സി)</td><td>കേന്ദ്ര സർക്കാർ 2016-17, 2017-18 ൽ സോളാർ ഓഫ് ഗ്രിഡ് പദ്ധതിക്കായി 46.35 കോടി രൂപയും 2016-17 വർഷത്തെ ഗ്രിഡ് കണക്ടഡ് പദ്ധതിക്കായി 9.75 കോടി രൂപയും ഇതുവരെ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നാളിതുവരെ ആകെ 98,55,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.<br><br><table><tr><th>ജില്ല</th><th>തുക<br>(രൂപയിൽ)</th></tr><tr><td>എറണാകുളം</td><td>16,20,000/-</td></tr><tr><td>ഇടുക്കി</td><td>18,00,000/-</td></tr><tr><td>കൊല്ലം</td><td>9,00,000/-</td></tr><tr><td>കോട്ടയം</td><td>37,35,000/-</td></tr><tr><td>പാലക്കാട്</td><td>18,00,000/-</td></tr></table></td></tr>
<tr><td>(ഡി)</td><td>സോളാർ എനർജി പാർക്കുകൾ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ;</td><td>(ഡി)</td><td>കേന്ദ്ര നവനവീകരണ ഊർജ്ജ മന്ത്രാലയം വിവിധ ഏജൻസികൾ വഴി സോളാർ എനർജി പാർക്കുകൾ നടപ്പിലാക്കി വരുന്നു.<br>കാസർഗോഡ് 200 മെഗാവാട്ട് സോളാർ പാർക്കിന്റെ ആദ്യ ഘട്ടമായ 50 മെഗാവാട്ടിൽ 36 മെഗാവാട്ടിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br>ചീമേനിയിൽ 200 മെഗാവാട്ട് ശേഷിയുള്ള ഒരു സോളാർ പാർക്ക് കൂടി സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനുമതിയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഇ)</td><td>കോട്ടക്കൽ മണ്ഡലത്തിൽ ഇത്തരത്തിൽ സോളാർ എനർജി പാർക്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?</td><td>(ഇ)</td><td>പരിഗണനയിലില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ